# ഉണ്ടാവി–യൊലോസാ വഴി നിത്യതയിലേക്ക്..!

തെക്കൻ അമേരിക്കയിലെ ബൊളിവിയ, കടുത്ത സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോയ കാലം. തൊഴിലില്ലായ്മ നിമിത്തം സാധാരണക്കാർ പട്ടിണിയിലാണ്. തൊഴിൽ തേടിനടക്കുന്നർ പെരുകിയതിനാൽ തെരുവുകൾ എപ്പോഴും തിരിക്കേറിയതാണ്. ഈ സാഹചര്യത്തിലാണ് ഒരു ഹെവി–ഡ്രൈവറുടെ ഒഴിവുണ്ടെന്ന അറിയിപ്പ് ഒരു ഫാക്ടറിയുടെ വാതിൽക്കൽ പ്രത്യക്ഷപ്പെട്ടത്.

തടിമിടുക്കുള്ള ഡ്രൈവേഴ്സിന്റെ നീണ്ടനിര ഫാക്ടറിയുടെ കവാടം തുറക്കുന്നതിനുമുമ്പുതന്നെ നിരത്തിൽ സ്ഥാനംപിടിച്ചിരുന്നു. ഫാക്ടറി തുറന്ന് അൽപംകഴിഞ്ഞപ്പോൾ ഇന്റർവ്യു ആരംഭിച്ചു. ക്യൂവിൽ മുൻനിരയിലുണ്ടായിരുന്ന മൂന്നുപേരെ ശിപായി ഒരു ഓഫീസറുടെ ക്യാബിനിലേക്ക് നയിച്ചു. ഓപ്പറേഷൻസ് മാനേജരുടെ അടഞ്ഞ ക്യാബിനുമുമ്പിൽ പിരിമുറുക്കത്തോടെ നിൽക്കുമ്പോൾ മൂവരുടെയും കാലുകൾ വിറെക്കുന്നുണ്ടായിരുന്നു. നല്ലശമ്പളം വാഗ്ദാനം ചെയ്യപ്പെട്ട ഈ ജോലിലഭിക്കുന്ന ഭാഗ്യവാൻ തങ്ങളിൽ ആരായിരിക്കും!

അവസാനം ക്യാബിൻ തുറക്കപ്പെട്ടു. ശിപായി മൂന്നുപേർക്കും ഓഫീസർക്ക് അഭിമുഖമായി ഇരിക്കുവാൻ ഇരിപ്പിടം നൽകിയിട്ട് പുറത്തുകടന്നു. മൂന്നുപേരുടെയും മുഖത്തേക്കു നോക്കിക്കൊണ്ട് ഗൗരവപ്രകൃതക്കാരനായ ഓഫീസർ ചോദിച്ചു: "ഈ ഭൂമിയിലെ ഏറ്റവും അപകടംപിടിച്ച ഉണ്ടാവി–യൊലോസാ ഹൈവേയിലൂടെ ദിനംപ്രതി ഭാരമേറിയ ട്രക്ക് സുരക്ഷിതമായി ഓടിക്കുക എന്ന ഉത്തരവാദിത്തമേറിയ ജോലിക്കായാണ് നിങ്ങളെ ഇന്റർവ്യു ചെയ്യുന്നത്. ആൻഡസ് പർവതത്തിന്റെ പാർശങ്ങളിലൂടെയാണ് ഈ ഹൈവേയുടെ നാൽപ്പതിലധികം മൈലുകൾ പിന്നിടേണ്ടത്; കാലങ്ങളായി അപകടത്തിൽ മരിച്ചവരുടെ സ്മരണയ്ക്കായി നാട്ടിയിട്ടുള്ള ആയിരത്തിലധികം കുരിശുകളൊഴികെ സുരക്ഷാവേലികൾ ഒന്നും അവിടെയില്ല! അരനിമിഷം ശ്രദ്ധതെറ്റിയാൽ ആയിരത്തിഅറുന്നൂറടി ആഴമുള്ള കൊക്കയിലായിരിക്കും അവസാനം. ഈ ജോലിലഭിച്ചാൽ, നിങ്ങളുടെ സാധാരണ ഡ്രൈവിംഗ് പരിചയത്തിൽ, നിങ്ങൾ ഈ അപകടംപിടിച്ച റോഡിന്റെ ഏതുവശത്തൂടെ ആയിരിക്കും വാഹനം ഓടിക്കുക: താഴ്‌വരയുടെ വശത്തൂടെയോ, റോഡിന്റെ നടുവിലൂടെയോ അതോ പർവ്വതത്തോടു ചേർന്നോ?"

ഒന്നാമൻ: "സാറേ, ഏതുകിഴുക്കാന്തൂക്കിലൂടെയും അതിശീഘ്രം വാഹനമോടിക്കാൻ എനിക്കുകഴിയും. ഇന്നുവരെ ഒരപകടവും എനിക്ക് ഉണ്ടായിട്ടില്ല. എനിക്ക് അപകടം ഉണ്ടാകുമെന്ന പേടിയുമില്ല. താങ്കളുടെ വാഹനം ഈ അപകടംപിടിച്ച റോഡിലൂടെ സുരക്ഷിതമായി ഓടിച്ചുകൊള്ളാമെന്ന് ഞാൻ ഉറപ്പുതരുന്നു."

രണ്ടാമൻ: "സാറേ, ഞാൻ റോഡിന്റെ നടുവിലൂടെ ഓടിക്കും. എനിക്ക് അതാണ് സുരക്ഷിതമായി തോന്നുന്നത്. താങ്കളുടെ വാഹനം സുരക്ഷിതമായി ലക്ഷ്യത്തിലെത്തിക്കാമെന്ന് ഞാൻ വാക്കുതരുന്നു."

മൂന്നാമൻ: "സാറേ, എനിക്കും വാഹനത്തിനും അപകടസാധ്യത ഉള്ളതിനാൽ ഞാൻ റോഡിന്റെ പാർശത്തിലൂടെ ഓടിച്ച് റിസ്കെടുക്കില്ല. നടുവിലൂടെ ഓടിച്ചാൽ എതിരെവരുന്ന വാഹനം അപകടത്തിൽ പെട്ടേക്കാം; അതുകൊണ്ട് കഴിവതും പർവ്വതത്തോടുചേർന്നോടി ഞാൻ ലക്ഷ്യത്തിലെത്തിക്കൊള്ളാം." ഈ മൂന്നാമനാണ് തെരഞ്ഞെടുക്കപ്പെട്ടതെന്ന് എടുത്തു പറയേണ്ടതില്ലല്ലോ?

നിത്യത ലക്ഷ്യമാക്കിയുള്ള നമ്മുടെ ഓട്ടത്തിൽ നാം നമ്മുടെ ഇച്ഛാശക്തിയിൽ അമിതവിശ്വാസം അർപ്പിച്ചാൽ പിശാചൊരുക്കിയിട്ടുള്ള ചതിക്കുഴികളിൽ വേഗത്തിൽ അകപ്പെടും. പാപത്തിന്റെ വശീകരണവേളകളിൽ, 'അൽപ്പസമയത്തേക്കുള്ള ഈ കാര്യം എന്നെ പിടിച്ചടക്കില്ല' എന്ന നിലയിൽ അലസതയോടെ അതിനെ താലോലിച്ചവരുടെ അമിതവിശ്വാസമാണ് അവരെ അപകടത്തിൽ എത്തിച്ചിട്ടുള്ളത്.

ഉഷ്ണവാനും ശീതവാനും അല്ലാത്ത ശീതോഷ്ണവാന്റെ ലക്ഷണമാണ് രണ്ടാമത്തവനിൽ. ആത്മിക ഓട്ടത്തിൽ, അവിടെ അൽപം ഇവിടെ അൽപം എന്നനിലയിൽ മധ്യരേഖയിലൂടെ ഓടുന്നവർ തങ്ങൾക്കും സഹയാത്രക്കാർക്കും ഒരുപോലെ അപകടം വരുത്തിവെക്കുന്നവരാണ്.

പർവ്വതത്തോട് ചേർന്ന് ഓടുമെന്നുപറഞ്ഞ ജയാളിയെപ്പോലെ നമ്മുടെ ആത്മിക ഓട്ടം ദൈവത്തോടും അവിടുത്തെ വചനത്തോടും ചേർന്നുള്ളതാകട്ടെ. വചനത്തെവിട്ടുള്ള ഓട്ടം ദൈവത്തെവിട്ടുള്ള ഓട്ടമാണെന്ന് നമുക്ക് മറക്കാതിരിക്കാം.

Author: ksabraham.org@gmail.com website: www.ksabraham.org Free Distribution of this material is encouraged!